**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4316.

03.02.2014-ലെ മറുപടിയ്ക്ക്

## കർലാട് തടാകത്തിന്റെ ടൂറിസം സാധ്യതകൾ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ | **ശ്രീ.എ.പി.അനിൽകുമാർ**<br>(ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ കർലാട് തടാകത്തിന്റെ ടൂറിസം സാധ്യതകൾ വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) തരിയോട് ഗ്രാമപഞ്ചായത്തിലെ കർലാട് ചിറ, വയനാട് ഡി.ടി.പി.സി. ഏറ്റെടുത്ത് ടൂറിസം വികസന പദ്ധതികൾ നടപ്പിലാക്കി വരികയാണ്. ഫെസിലിറ്റേഷൻ സെന്റർ, കോൺഫറൻസ് ഹാൾ, 4 കോട്ടേജുകൾ എന്നിവ ഇവിടെ നിർമ്മിച്ചിട്ടുണ്ട്. സഞ്ചാരികൾക്കായി ബോട്ടിംഗ് നടത്തിവരുന്നു. ചിൽഡ്രൻസ് പാർക്ക് ആരംഭിക്കുന്നതിന് ഡി.ടി.പി.സി. അനുമതി നൽകിയിട്ടുണ്ട്. ഇത് എത്രയും പെട്ടെന്ന് ആരംഭിക്കുന്നതാണ്. കർലാട് ചിറയുടെ സമഗ്രവികസനത്തിന് പ്രോജക്ട് തയ്യാറാക്കുന്നതിന് ആർക്കിടെക്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കർലാട് ചിറയിലെ റോഡ്, ടൂറിസം പാക്കേജിൽ ഉൾപ്പെടുത്തി 80 ലക്ഷം രൂപ ചെലവിൽ വികസിപ്പിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത തടാകത്തിൽ അഡ്വഞ്ചർ ടൂറിസം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) കർലാട് തടാക വിനോദ സഞ്ചാര കേന്ദ്രത്തിൽ 38 ലക്ഷം രൂപ ചെലവിൽ അഡ്വഞ്ചർ ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 1000 മീറ്റർ ദൂരത്തിൽ സിപ്പ് ലൈൻ സംവിധാനം, ടെന്റുകൾ, റോക്ക് |

| | | | |
|---|---|---|---|
| | | | ക്ലൈംബിംഗ്, പെയിന്റ് ബാൾ ആർച്ചറി, കയാക്ക്, ലാൻഡ് സോർബിംഗ് എന്നിവ യാണ് ഏർപ്പെടുത്തുന്നത്. ഇതിന്റെ ടെണ്ടർ ക്ഷണിച്ച് പദ്ധതി പൂർത്തീകരി ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഇതിനായി നടപ്പു സാമ്പത്തിക വർഷം എത്ര തുക ചെലവഴി ച്ചെന്ന് വ്യക്തമാക്കുമോ? | (സി) | 19 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ